# ഗവ.എൽ.പി സ്കൂൾ കൊടോളിപ്രം

കൊടോളിപ്രം,  പി.ഒ പട്ടാനൂർ,കണ്ണൂർ  ജില്ല

# അക്കാദമിക മാസ്റ്റർപ്ലാൻ

**<u>2025-26</u>**

# ആമുഖം

കൂടാളി ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനമാണിത് . 1917 കല്യാട് കുഞ്ഞനന്തൻ യജമാനന്റെ പറമ്പിൽ ഈ പ്രദേശത്തെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി സ്ഥാപിതമായത്. 1942 ൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും ഓല ഷെഡ് നിലം പതിക്കുകയും കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്തു വീണ്ടും നിർമ്മിച്ചും വീടു വാടകയ്ക്ക് എടുത്തും വിദ്യാലയ പ്രവർത്തനങ്ങൾ നടത്തി പോന്നു. മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയം സംസ്ഥാന രൂപീകരണത്തിന് ശേഷമാണ് ഗവൺമെന്റ് എൽ പി സ്കൂൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. ശ്രീ കമ്മാരൻ നമ്പ്യാർ നൽകിയ ഒരു ഏക്കർ സ്ഥലത്ത് 1970ൽ സർക്കാർ കെട്ടിടം പണിതു. 1994-95 ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് തൊഴിലുറപ്പാക്കൽ പദ്ധതി പ്രകാരം മൂന്ന് ക്ലാസ് മുറികൾ നിർമ്മിച്ചു. വിദ്യാലയത്തെ അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഭാഗമായി 50 സെൻറ് സ്ഥലം വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. പിടിഎ, ഗ്രാമപഞ്ചായത്ത്, എസ്എസ്എ എന്നിവയുടെ കൂട്ടായ ശ്രമഫലമായി വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്.കിണർ, പമ്പ് സെറ്റ് ,വാട്ടർ ടാങ്ക്, ചുറ്റുമതിൽ, ശതവാർഷിക സ്മാരക സ്റ്റേജ് ഇവയും സ്കൂളിലുണ്ട്. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനത്തിനായി കമ്പ്യൂട്ടർ ലാബും, വായന പരിപോഷണത്തിന് ആവശ്യമായ കൊച്ചു ലൈബ്രറിയും സ്കൂളിന് ഒരു മുതൽക്കൂട്ടാണ്.

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 46 കുട്ടികളും പ്രീപ്രൈമറിയിൽ 15 കുട്ടികളും ഉണ്ട്. നാല് അധ്യാപകർ,ഒരു പി ടി സി എം, പിടിഎ നിയമിച്ച ഒരു പ്രൈമറി അധ്യാപിക, ഒരു ആയ, ഒരു പാചക തൊഴിലാളി എന്നിവരാണ് സ്കൂളിലുള്ളത്.

പൊതുവിദ്യാഭ്യാസ വകുപ്പ് നിർദേശിക്കുന്ന പ്രവർത്തനങ്ങളും സ്കൂളിന്റെ തനത് പ്രവർത്തനങ്ങളും മികച്ച രീതിയിൽ സംഘടിപ്പിച്ചുവരുന്നു. ആയതിനാൽ പഠന പാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്താൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ വികസന പ്രവർത്തനങ്ങളിലും അനുബന്ധ പരിപാടികളിലും സജീവമായി ഇടപെടുന്ന പിടിഎ , എം.പി.ടി.എ, എസ്.എം.സി ഇവ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുന്നു.സമയബന്ധിതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് ആത്മാർത്ഥമായ പരിശ്രമം അധ്യാപകരുടെ ഭാഗത്തുനിന്നും ഉണ്ട് . എൽഎസ്എസ് സ്കോളർഷിപ്പ് വിജയവും വിവിധ മേഖലകളിൽ നേടിയ വിജയങ്ങളും, സ്കൂൾ പച്ചക്കറി തോട്ടവും മറ്റും ഈ കൂട്ടായ്മയുടെ ഫലമാണ്.

ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ഈ വിദ്യാലയത്തിൽ നിന്നും അക്ഷര വെളിച്ചം നേടിയിറങ്ങിയവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്ന നിലയിൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്.

## പരിമിതികൾ

അടിസ്ഥാന സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട് എങ്കിലും ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ രീതി നടപ്പിലാക്കുന്നതിനായി സ്മാർട്ട് ക്ലാസുകൾ സജ്ജീകരിക്കേണ്ടതുണ്ട്. ഭാഷ ലാബ് ഗണിത ലാബ് ശിശു സൗഹൃദ ഉപകരണങ്ങൾ ഉള്ള പാർക്ക്, കളി ഉപകരണങ്ങൾ എന്നിവയും ഒരുക്കേണ്ടതുണ്ട്

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കുവാനും പരിമിതികൾ കണ്ടെത്തി മെച്ചപ്പെടുത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
- മാതൃഭാഷയ്ക്ക് ഒപ്പം ഇംഗ്ലീഷ് ഗണിതം ശാസ്ത്രം എന്നിവയിൽ ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പം അവസരങ്ങൾ നൽകി മുൻനിരയിൽ എത്തിക്കുക.
- വിദ്യാലയപ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പിക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- മുഴുവൻ കുട്ടികൾക്കും സ്വതന്ത്രമായ ഐസിടി സാധ്യതകൾ ഉപയോഗിക്കാനുള്ള കഴിവ് വളർത്തുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമാക്കുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക
- കുട്ടികൾക്ക് ഓരോ ഘട്ടത്തിലും അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി ഉണ്ടാക്കിയെടുക്കുക
- കുട്ടികളുടെ അഭിരുചി വളർത്തുക
- സർഗ്ഗ രചനകൾക്ക് അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
- സ്കൂൾതല പ്രസിദ്ധീകരണങ്ങൾ പതിപ്പുകൾ പുറത്തിറക്കുക
- അമ്മ വായന, E-Reading പ്രോത്സാഹിപ്പിക്കുക
- കഥാകൂട്ടം രൂപീകരിക്കുക

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യ സ്രോതസ്സ് |
| --- | --- | --- | --- | --- |
| പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പഠനവൈകല്യം നേരിടുന്ന കുട്ടികൾക്കും പ്രത്യേക പരിശീലനം | • പ്രീ ടെസ്റ്റ്<br>• അക്ഷരമുറപ്പിക്കൽ,<br>• അക്ഷര കാർഡ്<br>• വാക്കുകാർഡ് തയ്യാറാക്കൽ<br>• വാക്യ കാർഡ് തയ്യാറാക്കൽ<br>• ചിഹ്നങ്ങൾ കാർഡുകൾ (രക്ഷിതാക്കളുടെ സഹായത്തോടെ )<br>• പദകേളികൾ<br>• വാക്യകേളികൾ<br>• ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് രചന ,<br>• ചിത്രങ്ങൾ ഉപയോഗിച്ച് കഥയുടെ ബാക്കി പൂർത്തിയാക്കൽ,<br>• ലളിതമായ കഥാപുസ്തകങ്ങൾ നൽകുക | ജൂൺ രണ്ടാം വാരം - മാർച്ച് | ക്ലാസ് ടീച്ചർ,മലയാളം അധ്യാപകർ,എസ് ആർ ജി കൺവീനർ | പിടിഎ |

| | | | | |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. വായനാക്കൂട്ടം രൂപീകരിക്കുക | • ക്ലാസ് വയനാക്കൂട്ടം രൂപീകരണം<br>• വായന മൂലകൾ<br>• ക്ലാസ് ലൈബ്രറിയിൽ പുസ്തകസമാഹരണം<br>• സ്കൂൾ ലൈബ്രറി നവീകരണം,<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന,<br>• പത്രവാർത്ത ക്വിസ്,<br>• വായനാനുഭവം പങ്കുവെക്കൽ<br>• വായനാക്കുറിപ്പ് പതിപ്പ് രൂപത്തിലാക്കുക<br>• സ്കൂൾ സഭ<br>• വിദ്യാരംഗം കലാസാഹിത്യവേദി<br>• ബാലസഭ<br>• സാഹിത്യ ക്വിസ്<br>• ദിനാചരണങ്ങൾ | ജൂൺ രണ്ടാം വാരം - മാർച്ച് | ക്ലാസ് ടീച്ചർ,മലയാളം അധ്യാപകർ,എസ് ആർ ജി കൺവീനർ | പിടിഎ |

| | | | | |
|---|---|---|---|---|
| അമ്മ വായന | അമ്മമാർക്ക് പുസ്തകവിതരണം, | ജൂൺ - മാർച്ച് | Library incharge | |
| പൊതു വായനശാലയുമായി ബന്ധം | എല്ലാ കുട്ടികളെയും വായനശാലയിലെ അംഗങ്ങൾ ആക്കുക | ജൂലൈ ആദ്യവാരം | Library incharge | |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കുക. | • എഴുത്തുകൂട്ടം രൂപീകരണം<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ (കഥ,കവിത,ജീവചരിത്രം, സഞ്ചാരസാഹിത്യം,) | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| സ്വന്തം പതിപ്പ് തയ്യാറാക്കൽ | • മാഗസിൻ പ്രസിദ്ധീകരണം,<br>• ചുമര്പത്രിക<br>• പതിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| സ്കൂൾതല പതിപ്പ് | • വ്യക്തിഗത രചന<br>• കയ്യെഴുത്ത് മാസിക പ്രസിദ്ധീകരണം<br>• സാഹിത്യകാരനുമായി അഭിമുഖം | ഫെബ്രുവരി | | |
| സർഗാത്മകത മെച്ചപ്പെടുത്തൽ | വ്യത്യസ്ത മേഖലകൾ കേന്ദ്രീകരിച്ച് ബാലസഭ, ഗാനസഭ, ചിത്രസഭ, കഥാസഭ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ,മലയാളം അധ്യാപകർ,എസ് ആർ ജി കൺവീനർ | |

# ഗണിതം

ശാസ്ത്രങ്ങളുടെ മാതാവാണ് ഗണിതശാസ്ത്രം. ജീവിതത്തിന്റെ സമസ്ത മേഖലകളും ഗണിതശാസ്ത്രവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആയതിനാൽ ജീവിത സാഹചര്യങ്ങളുമായി യോജിപ്പിച്ചുകൊണ്ട് ഗണിതാശയങ്ങൾ അർത്ഥപൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള കഴിവ് കുട്ടികളിൽ വളർത്തേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- ഗണിത പഠനത്തിൽ കൂടുതൽ താല്പര്യം ഉണ്ടാക്കുക
- വിശകലനശേഷി, ഗണിതചിന്ത ഇവ വളർത്തുക
- പിന്നോക്കക്കാരെ മുൻനിരയിൽ എത്തിക്കുന്നതിനു അധിക പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ഗണിതകേളികളിലൂടെ വിരസതയില്ലാതെ ഗണിത ക്രിയകളിൽ പങ്കാളികളാവുക.
- വീട്ടിൽ ഒരു ഗണിതമൂല തയ്യാറാക്കുക.
- ക്ലാസുകളിൽ ഗണിതലാബ് സജ്ജീകരിക്കുക.
- വ്യക്തിഗത ഗണിതകിറ്റ് തയ്യാറാക്കുക .

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി മുൻനിരയിൽ എത്തിക്കുക. | • പ്രീ ടെസ്റ്റ്<br>• പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി അധികസമയ പരിശീലനം.<br>• രക്ഷാകർത്ത്യ ഇടപെടൽ | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ ഇൻ ചാർജ് |
| ഗണിത പഠനം ആസ്വാദ്യകരമാക്കുക | • കളികളിലൂടെ ഗണിത പഠനം ആസ്വാദ്യകരമാക്കുക.<br>• ഗണിത ക്വിസ്<br>• കുസൃതി കണക്ക് ശേഖരം<br>• ഐസിടി ഉപയോഗം | പ്രതിമാസം | ടീച്ചർ ഇൻ ചാർജ് |
| ഗണിതാഭിരുചി വളർത്തുക | ശാസ്ത്രജ്ഞരുടെ ജീവചരിത്രശേഖരണം | ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| വർക്ക് ഷീറ്റ് | വിവിധ അധ്യായങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റ് തയ്യാറാക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ഗണിത ലാബ് | പഠനപ്രവർത്തനങ്ങൾ ക്ലാസുകളിൽ നടത്താൻ ഉതകുന്ന ഗണിതലാബ് ക്ലാസുകളിൽ തയ്യാറാക്കുക . വിവിധ പഠനപ്രവർത്തനങ്ങൾക്ക് ആവശ്യമായ പഠന വസ്തുക്കൾ ഉൾപ്പെടുന്ന കിറ്റ്, മഞ്ചാടി,കമ്പികെട്ട്,മുത്ത് തുടങ്ങിയവ . | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| സംഖ്യാബോധം ഉറപ്പാക്കുക | മുന്നറിവിലെ പോരായ്മകൾ കണ്ടെത്തി സ്ഥാനവില പോക്കറ്റ്, അബാക്കസ് ഉപയോഗിച്ച് വസ്തുനിഷ്ഠമായി ബോധനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| ചതുഷ്ക്രിയകൾ എല്ലാ കുട്ടികൾക്കും സ്വായത്തമാക്കുക | പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിശീലിക്കൽ പിന്നോക്കക്കാർക്കായി പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| ഗണിത മാഗസിൻ നിർമ്മാണം | • ക്ലാസ്തല ഗണിത മാഗസിൻ പ്രദർശനം<br>• മെട്രിക് ഉപകരണങ്ങൾ,ജാമിതീയ രൂപങ്ങൾ നിർമ്മാണം | മാർച്ച് | ക്ലാസ് ടീച്ചർ |

## പരിസരപഠനം

മനുഷ്യൻ നേടിയ ശാസ്ത്രനേട്ടങ്ങളിൽ അഭിമാനിക്കാനും അവ സമൂഹ നന്മയ്ക്കായി പ്രയോഗിക്കാനും ഉതകത്തക്ക വിധമുള്ള പഠന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ ഒരുക്കേണ്ടതുണ്ട്. ശാസ്ത്രീയ മനോഭാവം യുക്തിചിന്ത എന്നിവ കുട്ടികളിൽ വളരുകയും എല്ലാ പുരോഗതിയുടെയും അടിസ്ഥാനമായ ശാസ്ത്രത്തിൻറെ രീതി സ്വായത്തമാക്കുകയും അവ പ്രയോഗിക്കുകയും ചെയ്യുമ്പോഴാണ് പഠനം ഫലപ്രദമാകുന്നത്. കൗതുകം, ജിജ്ഞാസ,നിരീക്ഷണപാടവം ഇവയും കുട്ടികളിൽ വളർത്തേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ

1. ശാസ്ത്രത്തിൻറെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പ്രാപ്തരാക്കുക
2. പരിസ്ഥിതി അവബോധം വളർത്തുക
3. ശാസ്ത്രചിന്ത, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക
4. ജിജ്ഞാസയും കൗതുകവും വളർത്തി പഠനം ആസ്വാദ്യകരമാക്കുക.
5. ശാസ്ത്ര പഠന ഉപകരണങ്ങൾ സ്വയം കൈകാര്യം ചെയ്യാനുള്ള പ്രാപ്തി വളർത്തുക.

| പ്രവർത്തനം/ ലക്ഷ്യം | പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യ സ്രോതസ്സ് |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യമുണ്ടാക്കുക | • ശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>• അംഗങ്ങളെ ചേർത്ത് പ്രതിവാര പ്രവർത്തന പരിപാടി<br>• ലഘുപരീക്ഷണം ശേഖരണം ഫീൽഡ് ട്രിപ്പ്<br>• ജൂലൈ മുതൽ മാർച്ച് വരെ | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| എല്ലാ കുട്ടികൾക്കും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് സൗകര്യമുണ്ടാക്കുക. | ശാസ്ത്ര മൂല ഒരുക്കൽ, പരീക്ഷണങ്ങൾ നടത്തുന്നതിന് ആവശ്യമായ ഉപകരണങ്ങളും വസ്തുക്കളും ശേഖരിക്കല് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പഠനവുമായി സമൂഹത്തെ ബന്ധിപ്പിക്കുക. | • പരിസര ശുചീകരണം,ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്യൽ<br>• ജൈവ പച്ചക്കറി (രക്ഷിതാക്കളുടെ സഹായത്തോടെ)<br>• പൊതുസ്ഥലങ്ങൾ ശുചീകരിക്കൽ | സെപ്റ്റംബർ | കാർഷിക ക്ലബ്ബ് | |
| ഫീൽഡ് ട്രിപ്പ് | രക്ഷിതാക്കൾ,എസ്എംസി, കുട്ടികൾ മുഴുവൻ ഉൾപ്പെടെ ഫീൽഡ് ട്രിപ്പ്. നേരിൽ കണ്ടു പഠിക്കാനും സാമൂഹിക ബന്ധം ഉറപ്പിക്കാനും അവസരം ഉണ്ടാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, സോഷ്യൽ ക്ലബ്ബ് കൺവീനർ | |

| | | | | |
|---|---|---|---|---|
| വിദഗ്ധരെ സംഘടിപ്പിച്ച് ക്ലാസ് | വിവിധ വിഷയങ്ങളിൽ പ്രമുഖരെ ക്ഷണിച്ചു കൊണ്ടുള്ള ക്ലാസുകൾ | പ്രതിമാസം | ശാസ്ത്ര ക്ലബ്ബ് | |
| ശാസ്ത്രനേട്ടങ്ങളോട് അഭിമുഖ്യം വളർത്തുക | ശാസ്ത്രജ്ഞർ,ശാസ്ത്രനേട്ടങ്ങൾ, കണ്ടുപിടിത്തങ്ങൾ ഇവ പ്രതിപാദിക്കുന്ന ശാസ്ത്ര പുസ്തക ശേഖരണം | സെപ്റ്റംബർ | ശാസ്ത്ര ക്ലബ്ബ് | |
| ശാസ്ത്ര പഠനത്തിൽ ഐടി സഹായം ഉറപ്പാക്കുക | എല്ലാ ക്ലാസുകളിലും ലാപ്ടോപ്പ് പ്രൊജക്ടർ സ്ക്രീൻ ഇവ ഒരുക്കുക . | മാർച്ച് 2026 | | |
| ആരോഗ്യ ബോധവൽക്കരണ ക്ലാസ് | മഴക്കാല രോഗങ്ങൾ , തുടങ്ങിയവയുമായി ബന്ധപ്പെട്ട ക്ലാസ് | വർഷത്തിൽ മൂന്നു തവണ | ആരോഗ്യ / ശുചിത്വക്ലബ്ബ് | |
| എല്ലാ കുട്ടികൾക്കും ശാസ്ത്ര കിറ്റ് ക്ലാസുകളിൽ ശാസ്ത്രമൂല | ശാസ്ത്ര കിറ്റിലും ശാസ്ത്ര മൂലയിലും ഉണ്ടായിരിക്കേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ, | |

# English

## AIMS

- ❖ To motivate children to use English with confidence
- ❖ Develop the ability to think and speak in English.
- ❖ Ensure the ability to prepare and present different discourses in English
- ❖ To ensure that learners should achieve all learning outcomes before proceeding to the next level
- ❖ Develop English atmosphere in class with the help of ICT

| | | | | |
|---|---|---|---|---|
| Special attention to backward children | • Pretest,<br>• cpta<br>• Word card,<br>• picture reading | JUNE | Class teachers | |
| Make all children Proficient in English | Prepares and provides worksheets that are suitable for children | June - March | Class teachers,SRG | |
| English assembly | Conducting English assembly in the leadership of students | once in a week every thursday | Class teachers, | |
| Making learners independent readers | Presentation of flash cards worksheet presentation reading cards | June - March | Class teachers | |
| Collection | puzzles and riddles collection | June - March | English club | |
| English fest | full day programme for English presentation | February | English club | |
| English diary | Diary writing in English | Twice in a week | Class teachers | |

# പ്രവൃത്തി പരിചയം-ഐടി

| | | | |
|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വളർത്തുക. | • തൊഴിലുകളുടെ ആഭിമുഖ്യം<br>• തൊഴിൽ ചെയ്യുന്നവരെ ആദരിക്കാനുള്ള മനോഭാവം ഇവ വളർത്താനായി<br>○ പോട്ട് പെയിൻറിങ്<br>▪ പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണം നിർമ്മാണം<br>▪ എംബ്രോയിഡറി<br>▪ ചന്ദനത്തിരി നിർമ്മാണം<br>തുടങ്ങിയവയുടെ പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| പഠനോപകരണങ്ങൾ സ്വന്തമായി നിർമ്മിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | പഠനോപകരണങ്ങൾ കുട്ടികൾ തന്നെ സ്വന്തമായി തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നു കാർഡ് ബോർഡ്,ചാർട്ട് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചു കൊണ്ടുള്ള നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള ശേഷി ഉണ്ടാക്കുക | പഠന നേട്ടവുമായി ബന്ധപ്പെട്ട ഐസിടി സാധ്യത സ്വതന്ത്രമായി ഉപയോഗിക്കാന് പരിശീലിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |

## ആരോഗ്യ- കായിക വിദ്യാഭ്യാസം

| | | | |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ആരോഗ്യം കായിക ക്ഷമത ഇവ ഉറപ്പുവരുത്തുക | ▪ ദിവസവും വ്യായാമം ചെയ്യുക<br>▪ എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി mass drill<br>▪ കായിക ഉപകരണങ്ങൾ ഉപയോഗിച്ച് വിവിധ കളികൾ കളിക്കുന്നതിന് പരിശീലനം | ജൂൺ - മാർച്ച് | അധ്യാപകർ |
| ആരോഗ്യ ശീലങ്ങൾ വളർത്തുക | വ്യക്തി ശുചിത്വം പാലിക്കുന്നു എന്നു ഉറപ്പാക്കുക .<br>പരിസരശുചിത്വം പാലിക്കുന്നതിന് പ്രേരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |
| എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക പ്രവർത്തനങ്ങൾക്ക് അവസരം | ആധുനിക പരിശീലനത്തിന് ആവശ്യമായ മുറി തയ്യാറാക്കുക<br>ലഘു ഉപകരണങ്ങൾ ഒരുക്കുക<br>യോഗ,കരാട്ടെ,സൂമ്പ ഡാൻസ് എന്നിവയുടെ പരിശീലനം | ജൂൺ - മാർച്ച് | അധ്യാപകർ |